## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 304-ാം ചട്ട പ്രകാരം ഡോ. എം.കെ മുനീർ എം.എൽ.എ.-യ്ക്ക് 22/01/2021 -ൽ അനുവദിച്ച സബ്മിഷനുള്ള മറുപടി**

**കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വർഷങ്ങളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്ന ശുചീകരണ തൊഴിലാളികളെ കോവിഡ് കാലത്ത് പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ ടി ജീവനക്കാർ കോളേജിനു മുന്നിൽ നടത്തപ്പെടുന്ന സമരം അവസാനിപ്പിക്കുന്നതിനും, തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.**

സംസ്ഥാനത്തെ ഗവൺമെൻറ് മെഡിക്കൽ കോളേജുകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2, സ്വീപ്പർ മുതലായ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ വിരമിക്കുകയോ, പ്രൊമോഷൻ ലഭിക്കുകയോ ചെയ്യുമ്പോൾ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരരുതെന്ന ലക്ഷ്യത്തോടെ ഈ ഒഴിവുകൾ സ്ഥിരനിയമനം വഴി നികത്തപ്പെടുന്നതു വരെ (ടി തസ്തികകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി സ്ഥിരനിയമനം നടത്തി ജീവനക്കാരെ നിയമിക്കുന്ന കാലയളവിലേക്ക്) താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ മേൽപ്പറഞ്ഞ തസ്തികകളിൽ നിയമിക്കാറുണ്ട്. ഇങ്ങനെ താൽക്കാലികമായി നിയമിക്കപ്പെടുന്നവരുടെ സേവനം സ്ഥിരം ജീവനക്കാർ വരുന്ന മുറയ്ക്ക് ഒഴിവാക്കുന്ന രീതി എല്ലാ മെഡിക്കൽ കോളേജുകളിലും സാധാരണയായി നടക്കുന്നതാണ്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ച ഹോസ്പിറ്റൽ ഗ്രേഡ് 2 തസ്തികയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി സ്ഥിരനിയമനം നൽകിയപ്പോൾ ഇത്തരത്തിൽ സേവനം ഒഴിവാക്കപ്പെട്ട ദിവസവേതനക്കാരായ ചില താൽക്കാലിക ജീവനക്കാരാണ് നിലവിൽ സമരം നടത്തുന്നത്.

ഒഴിവുകൾ വരുന്ന മുറയ്ക്ക്, താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടി വരുന്ന സന്ദർഭങ്ങളിൽ, ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 304-ാം ചട്ട പ്രകാരം ഡോ. എം.കെ മുനീർ എം.എൽ.എ.-യ്ക്ക് 22/01/2021 -ൽ അനുവദിച്ച സബ്മിഷനുള്ള മറുപടി**

**കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വർഷങ്ങളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്ന ശുചീകരണ തൊഴിലാളികളെ കോവിഡ് കാലത്ത് പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ ടി ജീവനക്കാർ കോളേജിനു മുന്നിൽ നടത്തപ്പെടുന്ന സമരം അവസാനിപ്പിക്കുന്നതിനും, തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.**

സംസ്ഥാനത്തെ ഗവൺമെൻറ് മെഡിക്കൽ കോളേജുകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2, സ്വീപ്പർ മുതലായ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാർ വിരമിക്കുകയോ, പ്രൊമോഷൻ ലഭിക്കുകയോ ചെയ്യുമ്പോൾ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം വരരുതെന്ന ലക്ഷ്യത്തോടെ ഈ ഒഴിവുകൾ സ്ഥിരനിയമനം വഴി നികത്തപ്പെടുന്നതു വരെ (ടി തസ്തികകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി സ്ഥിരനിയമനം നടത്തി ജീവനക്കാരെ നിയമിക്കുന്ന കാലയളവിലേക്ക്) താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ മേൽപ്പറഞ്ഞ തസ്തികകളിൽ നിയമിക്കാറുണ്ട്. ഇങ്ങനെ താൽക്കാലികമായി നിയമിക്കപ്പെടുന്നവരുടെ സേവനം സ്ഥിരം ജീവനക്കാർ വരുന്ന മുറയ്ക്ക് ഒഴിവാക്കുന്ന രീതി എല്ലാ മെഡിക്കൽ കോളേജുകളിലും സാധാരണയായി നടക്കുന്നതാണ്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ച ഹോസ്പിറ്റൽ ഗ്രേഡ് 2 തസ്തികയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി സ്ഥിരനിയമനം നൽകിയപ്പോൾ ഇത്തരത്തിൽ സേവനം ഒഴിവാക്കപ്പെട്ട ദിവസവേതനക്കാരായ ചില താൽക്കാലിക ജീവനക്കാരാണ് നിലവിൽ സമരം നടത്തുന്നത്.

ഒഴിവുകൾ വരുന്ന മുറയ്ക്ക്, താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടി വരുന്ന സന്ദർഭങ്ങളിൽ, ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.